## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5464 — 27.03.2018 ൽ മറുപടിയ്ക്ക്

## തരിശ് സ്ഥലത്ത് കൃഷിയിറക്കുന്ന കർഷകർക്ക് സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തരിശ് സ്ഥലങ്ങളിൽ കൃഷിയിറക്കുന്ന കർഷകർക്കുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | എ) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. 2017-18 പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000/- രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000/- രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചിലവുകൾക്കായി 25,000/- രൂപയുമാണ് നൽകുന്നത്.<br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും, മൂന്നാം വർഷം 4,500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800/- രൂപയും 1,200/- രൂപയും, മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ്.<br>തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽ കൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും |

| | | | |
|---|---|---|---|
| | | | മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/ പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |
| ബി) | 2017-18 ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു കിടന്ന ആയിരം ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുവാൻ പദ്ധതിയിട്ടിരുന്നോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ? | ബി) | 2017-18 ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു കിടന്ന ആയിരം ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. ആയത് പ്രകാരം നാളിതുവരെ 900 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതിൽ നിന്നും 9006 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. വിളവെടുപ്പ് പൂർത്തിയായിട്ടില്ല. |

Mayap

സെക്ഷൻ ഓഫീസർ